## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1465 - 03/05/2017-ൽ മറുപടിയ്ക്ക്

**അംഗപരിമിതരായ സ്ഥിരം ജീവനക്കാർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ്**

| | ചോദ്യം<br>ശ്രീ.വി.എസ് ശിവകുമാർ | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|
| (എ) | സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിൽ ജോലിചെയ്തു വരുന്ന അംഗപരിമിതരായ സ്ഥിരം ജീവനക്കാർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിന് സർവ്വീസ് കാലയളവ് പരിഗണിയ്ക്കേണ്ടതുണ്ടോ; വിശദമാക്കുമോ; | കെ.എസ്.ആർ ബാധകമായിട്ടുള്ള സ്ഥാപനങ്ങളിലെ അംഗപരിമിതരായ ജീവനക്കാർക്ക് കെ.എസ്.ആർ, ഭാഗം I, അനുബന്ധം VII, സെക്ഷൻ II, ചട്ടം 16-ലെ നിബന്ധനകൾക്കു വിധേയമായി സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിയ്ക്കുന്നതിന് സർവ്വീസ് കാലയളവ് നിഷ്കർഷിച്ചിട്ടില്ല. |
| (ബി) | കെ.എസ്.ആർ വ്യവസ്ഥകൾ അനുസരിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം അംഗപരിമിതരായ ജീവനക്കാർ സമർപ്പിക്കുന്ന സ്പെഷ്യൽ കാഷ്വൽ ലീവ് അപേക്ഷകൾ ചില സർവ്വകലാശാലകൾ നിഷേധിയ്ക്കുന്നതായും, ലീവ് പരിമിതപ്പെടുത്തുന്നതുമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുമോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | അംഗപരിമിതരായ ജീവനക്കാർക്ക് സർക്കാർ/സർവ്വകലാശാല സർവ്വീസുകളിൽ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ കൃത്യമായും ലഭ്യമാക്കാൻ നിർദ്ദേശം നൽകുമോ? | കെ.എസ്.ആർ ചട്ടങ്ങൾ പ്രകാരം അംഗപരിമിതരായ ജീവനക്കാർക്ക് അനുവദനീയമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് പ്രത്യേക നിർദേശം നൽകേണ്ടതില്ല. |

സെക്ഷൻ ഓഫീസർ